"ഭരണഭാഷ – മാതൃഭാഷ"

(അനുബന്ധം - എച്ച് 4)

നോട്ടീസ്

(33 (4)-ാം ഖണ്ഡിക നോക്കുക)

ഡോ. ദീപ ജോർജ്, മെഡിക്കൽ ഓഫീസർ, സർക്കാർ ഹോമിയോ ഡിസ്പെൻസറി വലിയതോവാള, ഇടുക്കി എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960 - ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണം, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോടു നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കാരണം കാണിക്കൽ നോട്ടീസ് 09.12.2024 തീയതിയിലെ ഡിഎച്ച്ടിവിഎം/1493/2023-ഇഎ1 നമ്പർ പ്രകാരം 17.12.2024 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് വിതരണം ചെയ്യപ്പെടാതെ ഇന്ത്യ വിട്ടു എന്ന പുറത്തെഴുത്തു സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ടുമെന്റിലേയ്ക്ക് മടക്കി. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ പ്രതിവാദപത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം നിങ്ങൾക്കു യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കാരണം കാണിക്കൽ നോട്ടിസിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്കു മുമ്പ് ഹോമിയോപ്പതി ഡയറക്ടർ, ഹോമിയോപ്പതി ഡയറക്ടറാഫീസ്, കിഴക്കേക്കോട്ട തിരുവനന്തപുരം-695023 ൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്കു വാങ്ങാവുന്നതാണ്.

Signed by
Beena M P
Date: 01-02-2025 19:32:42

DR. M.P.BEENA
ഡയറക്ടർ
(പൂർണ്ണ അധിക ചുമതല)
ഹോമിയോപ്പതി ഡയറക്ടറാഫീസ്

**ഇന്നാർക്ക്** :- ഡോ. ദീപ ജോർജ്, മെഡിക്കൽ ഓഫീസർ (അവധിയിൽ)
മണിക്കുത്ത്, കുന്നേൽ ഹൗസ്, ഇരട്ടയാർ പി.ഒ.
ഇടുക്കി - 685514